# പുനത്തിൽ കുഞ്ഞബ്ദുള്ള

ജോൺ മാത്യു

ശ്രീ. പുനത്തിൽ കുഞ്ഞബ്ദുള്ള ഇനി ഓർമ്മ.

രണ്ടു സന്ദർഭങ്ങളിലാണ് അദ്ദേഹത്തെ കാണാനും പരിചയപ്പെടാനുമുള്ള അവസരം എനിക്കുണ്ടായത്.

ഏതാണ്ട് അഞ്ചു ദശകങ്ങൾക്കപ്പുറം, ഡൽഹിയിലെ സാഹിത്യലോകത്ത് കാക്കനാടൻ നിറഞ്ഞുനിന്ന ഒരു കാലമുണ്ടായിരുന്നു. ബേബിച്ചായൻ എന്ന ജോർജ്ജ് വറുഗീസ് കാക്കനാടൻ, പിന്നെ തമ്പി, രാജൻ കാക്കനാടന്മാരും. അവരുടെയൊപ്പം എം.പി. നാരായണപിള്ളയും ചേർന്ന ഒരു കൂട്ടുകെട്ട്. മറ്റെല്ലാവരും ഒറ്റയാന്മാർ. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ കമ്മ്യൂണിസത്തിന്റെയും ആധുനികതയുടെയും തീരങ്ങൾ ചേർത്ത് ഒരു നൂൽപ്പാലം. ഇവിടെ ഏറ്റവും അധികം ശ്രദ്ധിക്കപ്പെട്ടിരുന്നയാൾ കൂട്ടത്തിൽ 'ബേബി'യായ രാജൻ കാക്കനാടനും. ചിത്രകാരനും ബുദ്ധിജീവിയും കച്ചവടക്കാരനും, അതായത് പുതിയതെന്തെങ്കിലും കണ്ടെത്തുകയും അത് ലേലം ചെയ്ത് കച്ചവടവും ചെയ്തിരുന്ന തന്ത്രജ്ഞൻ!

ശൈശവികമായ പുഞ്ചിരിയുമായി നമ്മോട് സൗഹൃദം പുലർത്തുന്ന ആ രാജൻ കാക്കനാടനൊപ്പമാണ് പുനത്തിൽ കുഞ്ഞബ്ദുള്ള സാഹിതീസഖ്യം സന്ദർശിച്ചത്. അന്ന് അദ്ദേഹം മെഡിക്കൽ കോളേജ് വിദ്യാർത്ഥി ആയിരുന്നെന്നാണ് എന്റെ ഓർമ്മ.

തുടർന്ന് പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ കഥകൾ പ്രസിദ്ധീകരണങ്ങളിൽ വന്നുകൊണ്ടിരുന്നു. വടക്കൻ മലബാറിലെ മുസ്ലീം സമൂഹത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയവ. കാവ്യാത്മകമായ ഭാഷ, പുതിയ ബിംബങ്ങൾ, അറബിക്കഥകളിലെപ്പോലെ അത്ഭുതങ്ങൾ. അതേ, പുനത്തിൽ കഥകളിലേക്ക് അത്ഭുതങ്ങൾ നടന്നുകയറുകയാണ്. ഇവിടെ അദ്ദേഹത്തിന്റെ ഒരു കഥ മാത്രം വായനയ്ക്ക് എടുക്കുന്നു.

നിരൂപണമോ, ആസ്വാദനമോ എഴുതാൻ പാകത്തിൽ പുനത്തിൽ കഥകൾ ഞാൻ വായിച്ചിട്ടില്ല. സന്ദർഭങ്ങൾക്കനുസരിച്ച് ചിലത് വായിച്ചു, അത്രതന്നെ. അദ്ദേഹത്തിന്റെ ഒരു കഥ മാത്രം, സ്ഥാലീപുലാകന്യായേന, പറഞ്ഞുപോകട്ടെ. 'പള്ളിക്കുളം'

കഥയുടെ തുടക്കം ഒരു പള്ളിക്കുളത്തിന്റെ ചിത്രവുമായാണ്. പള്ളിയിൽ നിന്ന് നോക്കുമ്പോൾ കുളത്തിന്റെ ആകൃതി വ്യത്യസ്തപ്പെടുന്നത്, വേനലിൽ വെള്ളം വറ്റുന്നത് എന്നിങ്ങനെ. പുതു മഴയ്ക്ക് കുളത്തിന്റെ ഛായതന്നെ മാറുന്നു. നിറഞ്ഞ് വെള്ളം.

ഒരു ദിവസം കുറേ കുട്ടികൾ കുളത്തിൽ കുളിക്കാൻ വന്നു, അവർ കുളത്തിൽ ചാടി, പക്ഷേ, ഒരു കുട്ടിമാത്രം കരയ്ക്ക് ഇരിക്കുന്നു. ഇതെന്ത് കഥയെന്ന് തോന്നിയേക്കാം.

ഇവിടെയാണ് നാടകീയത. അവൻ കുരുടനാണ്, അന്ധനാണ്.

ഇനിയും കഥ നീങ്ങുന്നത് തികച്ചും യുക്തിക്ക് അതീതമായി. പള്ളിഭക്തനായ കഥാനായകൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു ആ പിഞ്ചുബാലന്റെ അന്ധത മാറിക്കിട്ടാൻ. ദൈവം പ്രാർത്ഥനകേട്ടു, ആ ബാലന്റെ അന്ധത മാറി. മാന്ത്രികവിളക്കുകൊണ്ടൊരു അത്ഭുതം പോലെ!

പുതിയ കുട്ടിയായി മാറിയ അവൻ കുളത്തിലേക്ക് എടുത്തുചാടി. എന്നിട്ട് നീന്തിക്കൊണ്ടിരുന്ന ഓരോ കുട്ടിയേയും പിടിച്ച് വെള്ളത്തിൽ താഴ്ത്തി. അവസാനം കുളത്തിൽ കുട്ടികളാരുമില്ല,

അവനൊഴികെ. അവസാനം അവൻ മടങ്ങി കരയ്ക്കുകയറി, പൊങ്ങി വരുന്ന ശവങ്ങൾ നോക്കി ഒരു നിസ്സംഗനേപ്പോലെ നിന്ന് കൈകൊട്ടിച്ചിരിച്ചു.

ഭക്തൻ പള്ളിയിലേക്ക് മടങ്ങിപ്പോയി, ദൈവത്തോട് വിശദീകരണം ചോദിക്കാൻ. ദൈവം പറഞ്ഞു: 'നീ കണ്ടതാണ് കാഴ്ച, കിട്ടാത്ത കാഴ്ചയുടെ അനന്തരഫലം. നിഷേധിക്കപ്പെട്ട നീതിയുടെ അദ്ധ്യായം.'

ഇവിടെ 'ആധുനികത'യുടെ ചട്ടക്കൂട്ടിൽ പുനത്തിലിന്റെ കഥ ഒതുങ്ങി നില്ക്കുന്നില്ല. ഭംഗിവാക്കുകൾ ഉപയോഗിച്ച് ഒരു പ്രസ്ഥാനത്തിന്റെ പ്രവാചകനായി അദ്ദേഹത്തെ ചിത്രീകരിക്കുന്നതിലും അർത്ഥമില്ല. കേരളീയ ജീവിതത്തെ സ്പർശിക്കാതെ 'ആധുനികത' വന്നു പോയി. അതിന്റെ സ്ഥായിയായ ഒരു സ്കൂൾ ഇവിടെ കെട്ടിപ്പടുക്കാൻ ആർക്കും കഴിഞ്ഞതുമില്ല. പേരെടുത്തു പറയുന്നില്ല, ഓരോരുത്തരായി തട്ടകം മാറിച്ചവുട്ടി, ഞാനൊന്നുമറിഞ്ഞില്ലേയെന്ന ഭാവത്തിൽ!

പുനത്തിലിന്റേത് മനുഷ്യ മനസ്സിന്റെ കഥയാണ്, വളരെ ലിബറലായി അദ്ദേഹം ഉപയോഗിക്കുന്നത് അറബിക്കഥകളിലെ അത്ഭുതങ്ങളുടെ സ്വാതന്ത്ര്യമാണ്. നമ്മുടെ മനസ്സ് എന്നും സ്വപ്നവുമായി കാത്തിരിക്കുന്നത് അത്ഭുത സംഭവങ്ങളിലേക്കാണ്. അങ്ങനെയുള്ള അത്ഭുതങ്ങളിൽക്കൂടി കഥയുടെ പരിണാമഗുപ്തിയിലേക്ക് അദ്ദേഹം നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു.

ഇരുപത്തിയൊന്നു വർഷം മുൻപാണ് പുനത്തിൽ കുഞ്ഞബ്ദുള്ള ഹൂസ്റ്റനിൽ വന്നത്. എം. മുകുന്ദനും ഡി. വിനയചന്ദ്രനുമുണ്ടായിരുന്നു ഒപ്പം. ഡാളസിലെ ഫൊക്കാനകൺവൻഷനിൽ പങ്കെടുക്കുകയായിരുന്നു പ്രധനലക്ഷ്യം.

ഒരു വൈകുന്നേരം ഞങ്ങൾ ഗാൽവസ്റ്റൺ ബീച്ചിലേക്ക് പോയി. ഡി. വിനയചന്ദ്രൻ 'കായിക്കരയിലെ അലറുന്ന കടൽ' എന്ന നീണ്ട കവിത സ്വതസിദ്ധമായ ഈണത്തിൽ ചൊല്ലിക്കൊണ്ടേയിരുന്നു.

ഗാൽവസ്റ്റൺ ബീച്ചിൽ നിൽക്കുമ്പോൾ പുനത്തിൽ ചോദിച്ചു: ഏതു ദിശയിലാണ് മെക്സിക്കോ? ആരും ഉത്തരം കൊടുത്തില്ല. നഷ്ടപ്പെട്ട ദിക്കുകൾ!

പള്ളിയിൽ നിന്നു നോക്കുമ്പോൾ കുളത്തിന്റെ ആകൃതി വികൃതമാണ്, ഗാൽവസ്റ്റൺ തീരത്തു നിന്നു ഉൾക്കടൽ ഒരു വട്ടമാണ്. അതിൽ ഏതു കരയിലാണ് മെക്സിക്കോ?

ചൂണ്ടിക്കാണിച്ച ദിശ നോക്കി പുനത്തിൽ കടലിലേക്കിറങ്ങി, ഒപ്പം മറ്റു രണ്ടുപേരും.

അല്പനേരത്തിനുശേഷം മെക്സിക്കൻ-സ്പാനീഷ് അല്ലെങ്കിൽ ഗബ്രിയേൽ ഗാർഷ്യ മാർക്കസിന്റെ കടലിൽ കാലു നനച്ച്, സ്രാവ് നിബിഡമായ കടലിൽ മുങ്ങാതെ, എല്ലാവരും ഒരുപോലെ കരയിൽ മടങ്ങിയെത്തി.